# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2341** **06/10/2016-ൽ മറുപടിയ്ക്ക്**

## കായിക്കര പാലം

| ചോദ്യം<br>ശ്രീ.ബി.സത്യൻ: | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് കായിക്കര പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | എ) വക്കം, അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിനും പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനും അഞ്ചുതെങ്ങ് വില്ലേജിൽ നിന്നും 13.355 ആർ സ്ഥലവും, വക്കം വില്ലേജിൽ നിന്നും 20.396 ആർ സ്ഥലവും ആവശ്യമാണ്. ടി രണ്ട് വില്ലേജുകളിൽ നിന്നും ആകെ 33.751 ആർ സ്ഥലത്തിനായി 50,59,410/- രൂപയുടെ പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരുന്നു. |
| ബി) പാലം നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്തു തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ടി പാലം നിർമ്മിക്കുന്നതിനായി 2012 നിരക്ക് പ്രകാരം 1925.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായവ മാത്രം നബാർഡിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ കൊടുത്താൽ മതിയെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള ഷെഡ്യൂൾ നിരക്കിൽ പുതുക്കിയ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കുന്നതാണ്. |
| സി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന ഭൂമി ഏറ്റെടുക്കുന്ന തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫണ്ട് ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ ? | സി) വക്കം കായിക്കര പാലം നിർമ്മാണത്തിനായി ആവശ്യമായ 33.751 ആർ സ്ഥലം ഏറ്റെടു ക്കുന്നതിനായി 50,59,410/- രൂപയുടെ ഭരണാ നുമതിയ്ക്കുള്ള പ്രൊപ്പോസൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പ് മുഖേനയാണ് ലാന്റ് അക്വിസിഷനുള്ള തുക അനുവദിക്കുന്നത്. |

സെക്ഷൻ ആഫീസർ